## സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസീസ്



# വസ്ത്രത്തെക്കാൾ ശ്രേഷ്ഠം സത്സ്വഭാവംതന്നെ

"ജിതാ സഭാ വസ്ത്രവതാ മിഷ്ടാശാ ഗോമതാ ജിതാ അധ്വാ ജിതാ യാനവതാ സർവം ശീലവതാ ജിതം."
(വിദുരനീതി)

*സഭാ ജിതാ - സദസ് ജയിക്കപ്പെട്ടിരിക്കുന്നു; വസ്ത്രവതാ - നല്ല വസ്ത്രമുള്ളവനാൽ; മിഷ്ടാശാ - നല്ല ഭക്ഷണം വേണമെന്ന ആഗ്രഹം; ഗോമതാ - പശുവുള്ളവനാൽ; ജിതാ - നിറവേറ്റപ്പെട്ടിരിക്കുന്നു; അധ്വാ - വഴി; ജിതാ - കീഴടക്കപ്പെട്ടിരിക്കുന്നു; യാനവതാ - വാഹനമുള്ളവനാൽ; സർവം - എല്ലാം; ശീലവതാ - സത്സ്വഭാവിയാൽ; ജിതം - കീഴടക്കപ്പെട്ടിരിക്കുന്നു.*

നല്ല വസ്ത്രം ധരിച്ചവനാൽ സഭ ജയിക്കപ്പെട്ടിരിക്കുന്നു, അവൻ ആത്മവിശ്വാസത്തോടെ സദസ്സിനെ കീഴടക്കുന്നു. പശുവുള്ളവന് തൈര്, മോര് മുതലായവ സുലഭമാകുന്നതിനാൽ നല്ല ഭക്ഷണം വേണമെന്ന ആവശ്യം അനായാസമായി നിറവേറ്റപ്പെടുന്നു. വാഹനമുള്ളവൻ എളുപ്പത്തിൽ വഴി തരണം ചെയ്യുന്നു, എന്നാൽ നല്ല ശീലമുള്ളവൻ ഇതെല്ലാം തന്നെ നേടിയിരിക്കുന്നു.

ലോകത്തിൽ മനുഷ്യന് നാനാപ്രകാരത്തിലുള്ള ആവശ്യങ്ങൾ നേടുന്നതിന് പല പല ഉപായങ്ങളുണ്ട്. സഭയിൽ ആത്മവിശ്വാസത്തോടെ പെരുമാറുന്നതിന് നല്ല വസ്ത്രം, ഭക്ഷണപരമായ ആവശ്യങ്ങൾക്കു പശുപരിപാലനം, കൃഷി മുതലായവ, യാത്രാസൗകര്യത്തിനായി വാഹനം എന്നിങ്ങനെ പോകുന്നു ആവശ്യങ്ങളുടെയും ഉപായങ്ങളുടെയും പരമ്പര. എന്നാൽ, ഇതിനെക്കാളെല്ലാം ഉപരിയായി മനുഷ്യനു വേണ്ടത് നല്ല ശീലങ്ങളാണെന്ന് നമ്മെ ബോധിപ്പിക്കുകയാണ് വിദുരർ. നാം നമ്മുടെ ദുർഗുണങ്ങൾകൊണ്ടാണ് ലോകം മുഴുവൻ നമുക്കെതിരാക്കി മാറ്റുന്നത്.

സത്സ്വഭാവികൾക്ക് പ്രകൃതിയും ജീവജാലങ്ങളുമെല്ലാം തന്നെ സൗമ്യഭാവമുള്ളവയായേ അനുഭവപ്പെടുകയുള്ളൂ. സാത്വികഭാവമുള്ളവരോട് ക്രൂരജന്തുക്കൾപോലും സൗമ്യമായി ഇടപെടുന്നതായി നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ. വിശുദ്ധ ഫ്രാൻസീസ് അസ്സീസി മുതലായവർ ഇതിനുദാഹരണങ്ങളാണ്. അതിനാൽ ഭൗതികമായ സാഹചര്യങ്ങളെക്കാൾ ജീവിതവിജയത്തിന് അനിവാര്യമായിരിക്കുന്നത് സ്വഭാവമഹിമതന്നെയാണ്.

മേല്പറഞ്ഞ വിജയോപാധികളിൽ ആദ്യത്തേതായ വസ്ത്രം നമ്മുടെ വ്യക്തിജീവിതത്തിൽ - പ്രത്യേകിച്ച് കുടുംബജീവിതത്തിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ്. ഭാര്യാഭർത്താക്കന്മാർ പരസ്പരം വിശ്വാസത്തോടെയും ബഹുമാനത്തോടെയും വർത്തിക്കണമെന്നതിന് അവരുടെ കർമ്മപദ്ധതികളിൽ അവശ്യം അനുഷ്ഠിക്കേണ്ടതായി പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒന്ന് നീ ഉടുത്തില്ലെങ്കിലും അവളെ ഉടുപ്പിക്കണമെന്നാണ്. ഇവിടെ ഉടുപ്പിന്റെ ധർമ്മമെന്തെന്ന് നാം സവിശേഷമായി പരിചിന്തനം ചെയ്യേണ്ടതുണ്ട്. നമ്മിൽ ലജ്ജാവഹമായതും കുറവുകളുള്ളതുമെല്ലാം മറച്ചുവച്ച് നമ്മെ അന്തസ്സും ആത്മാഭിമാനവുമുള്ളവരായി ലോകത്തിനു മുന്നിൽ നിൽക്കുവാൻ സഹായിക്കുന്നതാണ് വസ്ത്രം. മറ്റുള്ളവരുടെ മുമ്പിൽ സ്വന്തം ജീവിതപങ്കാളികളെ കരിവാരിത്തേച്ച് കുടുംബാന്തരീക്ഷം കലുഷമാക്കുന്ന എത്രയേറെ വ്യക്തികൾ നമുക്കിടയിലുണ്ട്. അവർ ഓർക്കുക - 'ഞാൻ എന്റെ ജീവിതപങ്കാളിയെ വസ്ത്രം ധരിപ്പിക്കേണ്ട ആളാണ്, അല്ല, ഒരുപക്ഷേ അയാളുടെ വസ്ത്രംതന്നെയായി മാറേണ്ട ആളാണ്. അയാളുടെ കുറ്റങ്ങളും കുറവുകളും മറച്ചുവച്ച് സമൂഹത്തിൽ അന്തസ്സോടെയും ആത്മാഭിമാനത്തോടെയും ഇടപഴകുവാൻ അയാളെ സഹായിക്കേണ്ടയാളാണു ഞാൻ.' ഈ ചിന്ത നമ്മുടെ മനസ്സിലുണ്ടെങ്കിൽ നമ്മുടെ കുടുംബങ്ങൾ എത്രമാത്രം സമാധാനപൂർണ്ണമാകും! സമൂഹത്തിൽ വർദ്ധിച്ചു വരുന്ന വിവാഹമോചനങ്ങൾ ഗണ്യമായതോതിൽ കുറയ്ക്കുവാൻ ഈ ചിന്ത ഫലവത്തായൊരു ഉപായമായിരിക്കുമെന്നത് അസന്ദിഗ്ധമായ വസ്തുതയാണ്.

ളാക്കാട്ടൂർ പൊന്നപ്പൻ



# സംഗീതോപകരണങ്ങൾ

## ഗിറ്റാർ

ഏതു സംഗീതത്തോടൊപ്പവും ചേർത്തുവായിക്കാവുന്ന ഒരു നല്ല ഉപകരണമാണ് ഗിറ്റാർ. തികച്ചും പാശ്ചാത്യമാണ്. ഇതു പല രൂപത്തിലും ഭാവത്തിലുമുണ്ട്. സ്പാനീഷ് ഗിറ്റാർ, ഹവായിൽ ലാപ്സ്റ്റീൽ, ബേസ് ഗിറ്റാർ, ഹോളോ ഗിറ്റാർ (അക്വാസ്റ്റിക്), ഇലക്ട്രിക് ഗിറ്റാർ ഇങ്ങനെ ബഹുതരം. ഒറ്റനോട്ടത്തിൽ വയലിൻപോലെ തോന്നും. വലതുകൈവിരൽകൊണ്ടോ ഒരു പ്ലക്കർ (സ്ട്രൈക്കർ) കൊണ്ടോ കമ്പിയിൽ തട്ടി ഇടതുകൈവിരലാൽ കമ്പിക്കു മേൽ വിരൽ യഥാസ്ഥാനങ്ങളിൽ പതിപ്പിച്ച് ഗിറ്റാർ വായിക്കുന്നു. 6 കമ്പികളാണ് ഉള്ളത്. ഫിംഗർ ബോർഡിൽ പ്രത്യേകസ്ഥാനങ്ങൾ പിത്തളക്കമ്പിയാൽ ഭാഗിച്ച് അടയാളപ്പെടുത്തിയിട്ടുണ്ടാകും. ഇവയെ ഫ്രാട്ടുകൾ എന്നു പറയും. സ്വരങ്ങളുടെ സ്ഥാനങ്ങളാണ് അവ. ഇടതുകൈവിരലുകൾ ഫ്രാട്ടുകളുടെ യഥാസ്ഥാനത്തു വച്ച് കമ്പി തട്ടുമ്പോൾ നാദം ഉതിരും. താരതമ്യേന വായിക്കാൻ പ്രയാസം കുറഞ്ഞ ഉപകരണമാണിത്. ഏതു കമ്പിയിൽ ഇടതുവിരലുകൾ വരുന്നുവോ ആ കമ്പിയിൽ വലതുകൈയിലെ സ്ട്രൈക്കർ കൊണ്ടു തട്ടിയിരിക്കണം. മൂന്നു വിരലുകളോ ചിലപ്പോൾ അഞ്ചു വിരലുകളും അമർത്തി കോഡുകൾ സൃഷ്ടിക്കുമ്പോൾ കേൾവിക്ക് ഇമ്പകരമാകും. സംഗീതബാൻഡുകൾക്ക് ഗിറ്റാർ ഒഴിവാക്കാനാവാത്ത ഉപകരണമാണ്. കോഡുപയോഗിച്ച് റിഥം ഇടുവാനും, നോട്ടുകൾ (സ്വരങ്ങൾ) വായിച്ചു പാട്ടിനു ഹരം പകരുവാനും ഗിറ്റാർ അത്യാവശ്യമാണ്. പാശ്ചാത്യസംഗീതത്തോടൊപ്പവും, കർണാടക-ഹിന്ദുസ്ഥാനി സംഗീതത്തിനോടും ഏറെ ഇണങ്ങുന്ന ഉപകരണമാണ് ഗിറ്റാർ.



# അക്ഷരമുറ്റത്ത് ആകാശക്കുതിപ്പുമായി ആൻസണും ബ്ലസലും

ആകാശത്തെ ലക്ഷ്യംവച്ചാൽ കുറേയെങ്കിലും ഉയരാനാവുമെന്നു പറഞ്ഞതാരാണ്? ആരായാലും ആ ചൊല്ല് അന്വർത്ഥമാക്കിക്കൊണ്ട് ഇതാ രണ്ടു ബാലസഹോദരന്മാർ- ആൻസൺ ജോ പോൾസണും ബ്ലസൽ ജോ പോൾസണും - തങ്ങളുടെ മോഹച്ചിറകുകളിൽ ഉയർന്നു പറക്കുന്നു. എങ്ങനെയെന്നല്ലേ? രണ്ടുപേരും ഈ ഇളംപ്രായത്തിൽ ഓരോ ചെറുപുസ്തകങ്ങൾ രചിച്ചുകൊണ്ട് നാട്ടുകാരെയും കൂട്ടുകാരെയും വിസ്മയിപ്പിച്ചിരിക്കുകയാണ്.




തീക്കോയി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ ഏഴാം ക്ലാസ് വിദ്യാർത്ഥിയായ ബ്ലസൽ തന്റെ പുസ്തകത്തിനിട്ടിരിക്കുന്ന പേര് Drea-my Toddler. പേരു സൂചിപ്പിക്കുന്നതുപോലെ സ്വപ്നക്കാരനായ ഒരു കുട്ടിയുടെ ചിന്തകളും ഭാവനകളും ഇതിൽ ഇതൾവിടർത്തി നില്ക്കുന്നു. ഇന്റർനെറ്റ് സേർച്ചു ചെയ്തും മുതിർന്നവരുടെ സഹായത്തോടെയും മറ്റു പുസ്തകങ്ങളുടെ വായനയിലൂടെയുമാണ് ഈ പുസ്തകരചന സാധിച്ചതെന്ന് എഴുത്തുകാരൻ ആമുഖത്തിൽ പറയുന്നുണ്ട്. എന്തായാലും ഇങ്ങനെയൊരു സംരംഭത്തിനു മുന്നിട്ടിറങ്ങിയ ഏഴാംക്ലാസ്സുകാരന്റെ ഇച്ഛാശക്തി അഭിനന്ദനമർഹിക്കുന്നു. കഥയും കവിതയും പാട്ടും ലേഖനങ്ങളുംകൊണ്ടു വിഭവസമൃദ്ധമാണു പുസ്തകം. കൊച്ചുകൊച്ചുവിശേഷങ്ങളും സന്ദേശങ്ങളും മടങ്ങിയ വിജ്ഞാനപ്രദമായ ലേഖനങ്ങൾ കുട്ടികൾക്ക് ഏറെ പ്രയോജനപ്പെടും.

ബ്ലസലിന്റെ സഹോദരൻ, തീക്കോയി സെന്റ് മേരീസ് എൽ.പി. സ്കൂളിലെ മൂന്നാംക്ലാസ് വിദ്യാർത്ഥിയായ ആൻസന്റെ പുസ്തകവും വ്യത്യസ്തമല്ല. പേര് Aim for the Sky. കഥയും പാട്ടും ലേഖനങ്ങളും ഇതിലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഇന്നു പ്രചാരത്തിലുള്ള ബാലപ്രസിദ്ധീകരണങ്ങളോടു കിടപിടിക്കത്തക്ക രീതിയിൽ അതേ മാതൃകയിലാണ് ഇരുപുസ്തകങ്ങളുടെയും നിർമ്മാണം. വർണഭംഗി കുറവാണെന്നേയുള്ളൂ. സഹോദരങ്ങളായ ഈ വിദ്യാർത്ഥികളുടെ നവീനസംരംഭത്തിനു പിന്നിൽ മാതാപിതാക്കളുടെയും അധ്യാപകരുടെയും പങ്കു വളരെ വ്യക്തം. കുട്ടികളോടൊപ്പം അവരും അഭിനന്ദനമർഹിക്കുന്നു.

മാർ ജേക്കബ് മുരിക്കൻ, കെ.എം. മാണി, പി.സി.ജോർജ് തുടങ്ങിയവരുടെ അനുമോദനങ്ങളും വിജയാശംസകളും ഈ കൊച്ചുമിടുക്കന്മാരുടെ പുസ്തകങ്ങൾക്കുള്ള വലിയ അംഗീകാരങ്ങളുടെ സാക്ഷ്യപത്രങ്ങളാണ്.

എങ്ങനെ മറ്റുള്ളവർക്കു മാതൃകകളാകാമെന്നതാണ് ഈ കുട്ടികൾ സമൂഹത്തിനു നല്കുന്ന സന്ദേശം. കുട്ടികൾ രചിച്ച ഈ ലഘുഗ്രന്ഥങ്ങൾ അവർക്കും മറ്റനേകം കുട്ടികൾക്കും വലിയ ഊർജ്ജം പകരുമെന്ന കാര്യത്തിൽ സംശയമില്ല.

പാലാ ഇടമറുക് വടയാറ്റ് പോൾസൺ ജോസിന്റെയും ജോസി പോൾസന്റെയും മക്കളാണ് ഈ കൊച്ചുമിടുക്കന്മാർ. ഇളയസഹോദരി ഡയോണ ജോ പോൾസൺ.

# ഫലിതബിന്ദു



അമ്മ അഞ്ചുവയസ്സുള്ള മകനോട്:

മോനേ, നീ വല്യച്ഛന്റെ അരികെ പോകുകയോ, വല്യച്ഛൻ തരുന്നതൊന്നും മേടിച്ചു തിന്നുകയോ ചെയ്യരുത്. വല്യച്ഛനു ക്ഷയരോഗമാ. ക്ഷയരോഗം പകരുന്നതാ. അപ്പോഴാണ് വീടിനടുത്തുനിന്ന ഒരു തെങ്ങിൽനിന്നു തേങ്ങാ വീണത്. എന്റെ മോൻ ചെന്ന് ആ തേങ്ങ എടുത്തുകൊണ്ടുവാ.

മോൻ: അയ്യോ ഞാൻ പോവുകേല.

അമ്മ: അതെന്താ മോനേ.

മോൻ: അതു വല്യച്ഛൻ നട്ട തെങ്ങാണെന്നല്ലേ ഇന്നാള് അമ്മ പറഞ്ഞേ. അതിന്റെ തേങ്ങാ തിന്നാലേ ക്ഷയം പിടിക്കും.